## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3259 11.12.2014-ലെ മറുപടിക്ക്

## ചാത്തന്നൂർ-പരവൂർ റോഡിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിലുള്ള ചാത്തന്നൂർ-പരവൂർ റോഡിന്റെ ആദ്യ ഭാഗം ഗതാഗതയോഗ്യമല്ലാതായിത്തീർന്നിട്ട് മാസങ്ങളായെങ്കിലും ആയത് പരിഹരിക്കുവാൻ യാതൊരു നടപടിയും ഉണ്ടായില്ലായെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചുവോ ; | (എ) & (ബി) പ്രസ്തുത റോഡിന്റെ താൽക്കാലിക അറ്റകുറ്റപണികൾ ചെയ്തു വരുന്നു. |
| (ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിലേയ്ക്ക് ടെണ്ടർ നടപടികളും, ക്വട്ടേഷൻ നടപടികളും പൂർത്തീകരിച്ചുവെങ്കിലും ആയത് യാഥാർത്ഥ്യമാകുവാൻ ഒരു വർഷമെങ്കിലും സമയമെടുക്കുമെന്ന കാര്യം പരിഗണിച്ച് താത്കാലികമായി റോഡ് മെയിന്റനൻസ് നടത്തുവാൻ ഗവൺമെന്റ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ; | |
| (സി) പൊതുജന രോഷവും, ജനപ്രതിനിധികളുടെ സമരവും നിരന്തരം ഉണ്ടാകുന്ന ഈ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്താണെന്ന് അറിയിക്കുമോ ? | (സി). ടി റോഡിന്റെ കരാർ വേലയുടെ ടെണ്ടർ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നെങ്കിലും എൽ.എം.ആർ-ഉം ഡി.എസ്.ആർ. 2013-ഉം ഒറിജിനൽ എസ്റ്റിമേറ്റുമായിട്ടുള്ള വ്യത്യാസം കണക്കാക്കി സമർപ്പിക്കുവാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അംഗീകാരം നൽകി പണി ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ